

## പല്ലവി

എന്നെനിക്കെൻ ദുഃഖം തീരുമോ, പൊന്നു കാന്താ നിൻ
സന്നിധിയിലെന്നു വന്നു ചേരും ഞാൻ

## അനുപല്ലവി

നിനെക്കിൽ ഭൂവിലെ സമസ്തം മായയും ആത്മ-
ക്ലേശവുമെന്നു ശലോമോൻ
നിനച്ചവാസ്തവമറിഞ്ഞീ സാധു ഞാൻ പരമസീ-
യോന്നോടിപ്പോകുന്നു

## ചരണങ്ങൾ

കോഴി തന്റെ കുഞ്ഞുകോഴിയെ എൻ കാന്തനേ
തൻ കീഴിൽ വെച്ചു വളർത്തും മോദമായി
ഒഴിച്ചു സകല ജീവചിന്ത കഴിച്ചു സമസ്തപോരുമതിന്നായ
വഴിക്കു നിന്നാൽ വിളിച്ചു കൂവുന്നതിന്റെ ചിറകിൽ
സുഖിച്ചു വസിക്കുവാൻ

തനിച്ചു നടപ്പാൻ ത്രാണി പോരാത്ത കുഞ്ഞി-
നെ താൻ വനത്തിൽ വിടുമോ വാനരംപ്രിയ
അനച്ചപറ്റി വസിപ്പാൻ മാർവുമതിന്നുവേ-
ണ്ട സമസ്തവഴിയും
തനിക്കു ലഭിച്ച കഴിവുപോലെ കൊടുത്തു പോറ്റു-
ന്നതിന്റെ തള്ളയും



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



പറക്കശീലം വരുത്താൻ മക്കളെ കഴുകൻ തൻ പുര
മറിച്ചു വൂണ്ടും കനിവുകൊണ്ടതിൽ
പറന്നു താഴെ പതിച്ചെന്തോന്നി പിടെച്ചു-
വീഴാൻ തുടങ്ങുന്നേരം
പറന്നു താണിട്ടതിനെ ചിറകിൽ വഹിച്ചു
വീണ്ടും നടത്തും തള്ളയും

ഉലകിലനർത്ഥം ബഹുലം നായകാ-നിൻ കരം തന്നിൽ
ഉലകിലുള്ള വഴികൾ സമസ്തവും
അലയും തരയ്ക്കു തുല്യം മർത്ത്യർ കാറ്റിൽ
വിറയ്ക്കും മരത്തിനൊപ്പം
വലയുന്നോരോരോഗതിയിൽ മനുജരഖിലം
ക്രോധകലശംമൂലവും

വരവുനോക്കിക്കാത്തുനായകാ - തവ പൊൻമുഖത്തിലെ
കരുണയുള്ള കാന്തിവിലസുവാൻ
വരുന്നനേരമറിഞ്ഞുകൂടാത്തതിന്നുവാഞ്ഛ മനസ്സിൽ പൂണ്ടു
കുരുകിൽപോലിങ്ങുണർന്നു കൂട്ടിൽ തനിച്ചു
കാലം കഴിക്കുന്നെങ്ങളും



ഉണർന്നുവെട്ടം തെളിച്ച കൂട്ടമായി കന്യകാവ്ര-
തരണഞ്ഞു വാനിൽ പൂകും നേരത്തിൽ
തുണച്ചീസാധുവിൻ ക്ലേശം ഹനിച്ചിട്ടെനിക്കും
കൂടാപ്പരമമാർവിൽ
അണഞ്ഞു വാഴാൻ ഭാഗ്യം തരണേ അരുമയു-
ള്ളെൻ പൊന്നുകാന്തനേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me